(എ) സംസ്ഥാനത്തെ 2000-2001 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും വിവിധ സ്രോതസ്സുകൾ വഴിയുള്ള ഊർജ്ജ ലഭ്യത സംബന്ധിച്ച കണക്കുകൾ വിശദമാക്കുമോ ;

(ബി) കേരളത്തിന്റെ സ്വന്തമായ സ്രോതസ്സുകൾ വഴിയുള്ള ലഭ്യത എത്രയായിരുന്നു ;

(സി) ഏതെല്ലാം ഏജൻസികൾ വഴി എത്ര ഊർജ്ജമാണ് സംസ്ഥാനം വാങ്ങിയത് ;

(ഡി) ഈ കാലയളവിൽ സ്വന്തമായ സ്രോതസ്സുകൾ ഓരോന്നിന്റെയും സ്ഥാപിത ശേഷി അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദനം എത്രശതമാനം നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) സ്ഥാപിത ശേഷിയെ മാത്രം അടിസ്ഥാനപ്പെടുത്തി ഉൽപ്പാദനത്തെ വിലയിരുത്താൻ കഴിയുകയില്ല. ജലലഭ്യതയും ജലസേചനം മുതലായ ബാദ്ധ്യതകളും ഇന്ധന ലഭ്യതയും മെഷീൻ ലഭ്യതയും വൈദ്യുതിയുടെ ദൈനംദിന ആവശ്യകതയും ഉൽപ്പാദനത്തെ ബാധിക്കുന്ന ഇതര ഘടകങ്ങളാണ്.

പ്ലാന്റ് ലോഡ് ഫാക്ടർ

(ശതമാനത്തിൽ വാർഷിക ലഭ്യത)

	2000-01	2001-02	2002-03
ഹൈഡ്രോ	44.02	42.87	37.27
ബി. ഡി. പി. പി	34.17	23.47	28.74
കെ. ഡി. പി. പി	40.71	32.96	41.69

ആണവ വൈദ്യുതി നിലയം

43 (933) ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസാന്ദ്രത കുറഞ്ഞ മറ്റ് സംസ്ഥാനങ്ങളിൽ സംയുക്ത സംരംഭമായി ആണവവൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള സാദ്ധ്യത ആരായുമോ ?

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല. ദേശീയ തലത്തിൽ ന്യൂക്ലിയർ പവർ കോർപ്പറേഷനാണ് ആണവ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നത്.

ആണവ നിലയം സ്ഥാപിക്കുന്നതിനുള്ള സ്ഥലം

44 (934) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ആണവ വൈദ്യുത നിലയം സ്ഥാപിക്കുന്ന സ്ഥലത്തിന് എത്ര കിലോമീറ്ററിന് ഉള്ളിലാണ് മനുഷ്യവാസം ഒന്നും പാടില്ലാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള നിലയത്തിന്റെ എത്ര കിലോമീറ്റർ ചുറ്റളവിന് ശേഷം ചുരുങ്ങിയ ജനവാസം അനുവദനീയമാണ് ;

(സി) ആണവനിലയത്തിൽ നിന്നും എത്ര കിലോമീറ്റർ അകലത്തിലാണ് ആളുകളെ കൂട്ടം കൂടി താമസിക്കുവാൻ അനുവദിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് ആണവവൈദ്യുത നിലയം സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളെല്ലാം മനുഷ്യവാസമില്ലാത്ത, അൽപ്പാൽപ്പം മാത്രം മനുഷ്യവാസം, ഏറെ അകലത്തിൽ കൂട്ടം കൂടിയുള്ള മനുഷ്യവാസം എന്നീ ലക്ഷണങ്ങളോടു കൂടിയവയാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി)

1. ജനസാന്ദ്രത സംസ്ഥാനത്തിന്റെ ശരാശരി ജനസാന്ദ്രതയുടെ 2/3-ൽ കുറവായിരിക്കണം.
2. അഞ്ച് കിലോമീറ്ററിനുള്ളിൽ ഉള്ള ജനസംഖ്യ 20,000-ൽ കുറവായിരിക്കണം.
3. 10,000-ൽ അധികം ജനസംഖ്യയുള്ള കേന്ദ്രങ്ങളിൽ നിന്നും പത്ത് കിലോമീറ്ററിൽ അധികം ദൂരം ഉണ്ടായിരിക്കണം.
4. ഒരു ലക്ഷത്തിൽ അധികം ജനസംഖ്യയുള്ള കേന്ദ്രങ്ങളിൽ നിന്നും മുപ്പത് കിലോമീറ്ററിൽ അധികം ദൂരം ഉണ്ടായിരിക്കണം.
5. ആണവനിലയം സ്ഥാപിക്കുന്ന സ്ഥലത്തിന് എത്ര കിലോമീറ്ററിന് ഉള്ളിലാണ് മനുഷ്യവാസം ഒന്നും പാടില്ലാത്തത് എന്ന നിബന്ധന ഇതു സംബന്ധിച്ച മാർഗ്ഗരേഖയിൽ ഉള്ളതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly